LOGBOOK OF AN
# OBSERVER

ഒരു നിരീക്ഷകന്റെ കുറിപ്പുകൾ



"വിരിഞ്ഞ പൂവുമായ് വസന്തം വന്ന നാൾ
വെറും ചെമ്മൺ പാതയരികിൽ നിന്നു ഞാൻ
പറഞ്ഞിതൾ വാടിക്കൊഴിയും നേരത്തും
കനിഞ്ഞു നിൽക്കണേ, തെളിഞ്ഞകാലമേ!"
- വിജയലക്ഷ്മി

ലളിത എന്ന ഇൻപുട്ട് മെഥേഡിന്റെ ഉപജ്ഞാതാവ്, 2007ലെ ഗൂഗിൾ സമ്മർ ഓഫ് കോഡ് പ്രോജക്ടിൽ എസ്എംസിയെ പ്രതിനിധീകരിച്ച അഞ്ചുവിദ്യാർത്ഥികളിൽ ഒരാൾ, ശില്പ പ്രോജക്ടിലും pypdflibലും ഒട്ടേറെ കമ്മിറ്റുകൾ, മലയാളം ഒസിആർ വികസിപ്പിക്കാനുള്ള രണ്ടു വ്യത്യസ്ത പരിശ്രമങ്ങളിൽ പങ്കാളി, ഗ്നു താളുകൾ മലയാളത്തിലാക്കുന്ന യജ്ഞത്തിന്റെ കാർമ്മികൻ, ഭാഷാസാങ്കേതികവിദ്യയിലെ മാനകീകരണ പ്രവർത്തനങ്ങളിൽ മുൻനിരപ്പോരാളി. കഴിഞ്ഞവർഷം (2011) സെപ്റ്റംബർ 29ന് വെല്ലൂർ സിഎംസിയിൽ ക്യാൻസറിനോട് പൊരുതിത്തോറ്റ ഞങ്ങളുടെ പ്രിയപ്പെട്ട സഹോദരൻ ജിനേഷ് കാഞ്ഞിരങ്ങാട്ടിൽ ജയരാമൻ എന്ന ജിൻസ്ബോണ്ടിന് കൂട്ടുകാർ നൽകുന്ന സ്മാരകമാണ് ഈ പുസ്തകത്തിന്റെ സമാഹരണവും പ്രസിദ്ധീകരണവും. ജിനേഷിന്റെ ബ്ലോഗുകളും, മലയാളം ഇന്റർനെറ്റ് വാർത്താപോർട്ടലിൽ (malayal.am) പ്രസിദ്ധീകരിച്ച ലേഖനങ്ങളും, ആശുപത്രിക്കിടക്കയിൽ കുറിച്ചുവച്ച ചിന്തകളും, ജിനേഷിനെക്കുറിച്ച് സുഹൃത്തുക്കളെഴുതിയ കുറിപ്പുകളും ഈ സമാഹാരത്തിലുൾപ്പെടുന്നു.

akam books
അകം ബുക്സ്
www.akambooksindia.com
00005
295643082 80209